LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സംഘങ്ങൾ

86(2124) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് പാലിക്കേണ്ട നിയമങ്ങൾ പാലിച്ചു എന്ന് ഉറപ്പുവരുത്തിയാണോ സംഘങ്ങൾ രജിസ്റ്റർ ചെയ്തിരിക്കുന്നത്; അല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ സംഘങ്ങൾക്ക് തന്തിക, പ്രതിമാസ നിക്ഷേപ പദ്ധതി എന്നിവയ്ക്ക് അനുമതി നല്കുന്ന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1911 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ 12 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. കടമ്പഴിപ്പുറം പഞ്ചായത്ത് അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണസംഘം ക്ലിപ്തം നമ്പർ പി. 1314
2. ശ്രീകൃഷ്ണപുരം പഞ്ചായത്ത് അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണസംഘം ക്ലിപ്തം നമ്പർ പി. 1323
3. ഒറ്റപ്പാലം താലൂക്ക് ബിൽഡിംഗ് ആന്റ് റോഡ് വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1328
4. ലക്കിടി പേരൂർ പഞ്ചായത്ത് അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1334

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

5. കടമ്പഴിപ്പുറം പഞ്ചായത്ത് മൾട്ടിപർപ്പസ് സഹകരണസംഘം ക്ലിപ്തം നമ്പർ പി. 1348

6. കരിമ്പുഴ പഞ്ചായത്ത് മൾട്ടിപർപ്പസ് സഹകരണസംഘം ക്ലിപ്തം നമ്പർ പി. 1349

7. പ്രിയദർശിനി കൺസ്യൂമർ സഹകരണസംഘം ക്ലിപ്തം നമ്പർ പി. 1359

8. ഒറ്റപ്പാലം എഡ്യൂക്കേഷണൽ ഡിസ്ട്രിക്ട് സ്കൂൾ ടീച്ചേഴ്സ് സഹകരണസംഘം ക്ലിപ്തം നമ്പർ പി. 1377

9. ഒറ്റപ്പാലം മുൻസിപ്പൽ മൾട്ടിപർപ്പസ് സഹകരണസംഘം ക്ലിപ്തം നം. പി. 1378

10. ശ്രീകൃഷ്ണപുരം പഞ്ചായത്ത് മൾട്ടിപർപ്പസ് സഹകരണസംഘം ക്ലിപ്തം നമ്പർ പി. 1396

11. ശ്രീകൃഷ്ണപുരം ബ്ലോക്ക് മർച്ചന്റ് മാർക്കറ്റിംഗ് സഹകരണസംഘം ക്ലിപ്തം നമ്പർ പി. 1408

12. തിരുവാഴിയോട് ഹൗസിംഗ് സഹകരണസംഘം ക്ലിപ്തം നമ്പർ പി. 1409

(സി) സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും അനുസൃതമായാണ് സംഘങ്ങൾ രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(ഡി) സർക്കാരും സഹകരണ സംഘം രജിസ്ട്രാറും അതാത് കാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരവും ചട്ടത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായുമാണ് പുതിയ സഹകരണ സംഘങ്ങൾക്ക് തുടക്കം അനുവദിക്കുന്നത്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/എംപ്ലോയീസ് സഹകരണ സംഘങ്ങൾ എന്നിവയുടെ നെറ്റ് അസറ്റിന്റെ 50%-ൽ അധികരിക്കാതെ സംഘങ്ങളുടെ/ബാങ്കുകളുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പരമാവധി 10 ലക്ഷത്തിൽ അധികരിക്കാതെ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാരുടെ അംഗീകാരത്തോടെയാണ് പ്രതിമാസ നിക്ഷേപ പദ്ധതിക്ക് അനുമതി നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly